**മധുരമായ കുട്ടികളേ- ദേഹീ അഭിമാനിയായി മാറുന്നതിനുള്ള അഭ്യാസം ചെയ്യൂ, ഈ അഭ്യാസത്തിലൂടെയേ നിങ്ങൾ പുണ്യാത്മാവായി മാറുകയുള്ളു.**

**ചോദ്യം-** ഏതൊരു ജ്ഞാനമുള്ളത് കാരണത്താലാണ് നിങ്ങൾ കുട്ടികൾ സദാ ഹർഷിതരായിരിക്കുന്നത്?
**ഉത്തരം-** നിങ്ങൾക്ക് ജ്ഞാനം ലഭിച്ചിട്ടുണ്ട് ഈ നാടകം വളരെ അത്ഭുതകരമായി നിർമ്മിച്ചിട്ടുള്ളതാണ്, ഇതിൽ ഓരോ അഭിനേതാവിന്റേയും അവിനാശിയായ പാർട്ട് അടങ്ങിയിട്ടുണ്ട്. എല്ലാവരും അവരവരുടെ വേഷം അഭിനയിച്ചുകൊണ്ടിരിക്കുകയാണ്. ഈ കാരണത്താൽ നിങ്ങൾ സദാ ഹർഷിതരായിരിക്കുന്നു.

**ചോദ്യം-** മറ്റാരിലും ഇല്ലാത്ത ഏതൊരു കലയാണ് ബാബക്ക് മാത്രമുള്ളത്?
**ഉത്തരം-** ദേഹീ അഭിമാനിയാക്കി മാറ്റുന്നതിനുള്ള കല ഒരു ബാബയുടെ പക്കലാണുള്ളത് എന്തുകൊണ്ടെന്നാൽ ബാബ സ്വയം സദാ ദേഹിയാണ്, പരമമാണ്. ഈ കഴിവ് ഒരു മനുഷ്യനും ഉണ്ടാകുക സാദ്ധ്യമല്ല.

**ഓംശാന്തി.** ആത്മീയ കുട്ടികളെ അഥവാ ആത്മാക്കളെ പ്രതി ബാബ ഇരുന്ന് മനസ്സിലാക്കിത്തരികയാണ്. സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കണമല്ലോ. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് ആദ്യമാദ്യം ഈ അഭ്യാസം ചെയ്യണം അതായത് ഞാൻ ആത്മാവാണ്, അല്ലാതെ ഈ ശരീരമല്ല. എപ്പോൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുന്നുവോ അപ്പോഴേ പരമാത്മാവിനെ ഓർമ്മ വരൂ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കിയില്ലെങ്കിൽ തീർച്ചയായും പിന്നീട് ലൗകിക സംബന്ധികൾ, ജോലികൾ മുതലായവ ഓർമ്മ വന്നുകൊണ്ടിരിക്കും അതിനാൽ ആദ്യമാദ്യം ഞാൻ ആത്മാവാണ് എന്ന അഭ്യാസം ചെയ്യണം എങ്കിൽ ആത്മീയ പിതാവിന്റെ ഓർമ്മ നിലനിൽക്കും. ബാബ ഈ ശിക്ഷണം നൽകുകയാണ് സ്വയം ദേഹമാണ് എന്ന് കരുതരുത്. ഈ ജ്ഞാനം മുഴുവൻ കല്പത്തിലും ഒരു തവണ മാത്രമാണ് ബാബ നൽകുന്നത്. പിന്നീട് 5000 വർഷങ്ങൾക്കുശേഷമേ ഈ ശിക്ഷണം ലഭിക്കൂ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കിയാൽ ബാബയുടെ ഓർമ്മ വരും. അരകല്പം നിങ്ങൾ സ്വയം ശരീരമാണ് എന്നാണ് കരുതിയത്. ഇപ്പോൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കണം. എങ്ങനെ നിങ്ങൾ ആത്മാക്കളാണോ അതുപോലെ ഞാനും ആത്മാവുതന്നെയാണ്. പക്ഷേ പരമമാണ്. ഞാൻ ആത്മാവായതിനാൽ എനിക്ക് ഒരു ദേഹത്തേയും ഓർമ്മ വരുന്നില്ല. എന്നാൽ ഈ ദാദ ശരീരധാരിയാണല്ലോ. ബാബ നിരാകാരിയാണ്. ഈ പ്രജാപിതാ ബ്രഹ്മാവ് സാകാരിയാണ്. ശിവബാബയുടെ യഥാർത്ഥ പേര് ശിവൻ എന്നു തന്നെയാണ്. ബാബ ആത്മാവുതന്നെയാണ് പക്ഷേ ഉയർന്നതിലും ഉയർന്ന അർത്ഥം സുപ്രീം ആത്മാവ് കേവലം ഈ സമയത്ത് മാത്രമാണ് വന്ന് ഈ ശരീരത്തിൽ പ്രവേശിക്കുന്നത്. ബാബ ഒരിയ്ക്കലും ദേഹാഭിമാനിയാകില്ല. ദേഹാഭിമാനിയാകുന്നത് സാകാരീ മനുഷ്യരാണ്, എന്നാൽ ബാബ നിരാകാരനാണ്. ബാബയ്ക്ക് വന്ന് ഈ അഭ്യാസം ചെയ്യിക്കണം. പറയുന്നു നിങ്ങൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ഞാൻ ആത്മാവാണ്, ഞാൻ ആത്മാവാണ്- ഇരുന്ന് ഈ പാഠം പഠിക്കൂ. ഞാൻ ആത്മാവ് ശിവബാബയുടെ കുട്ടിയാണ്. എല്ലാ കാര്യത്തിനും അഭ്യാസം ആവശ്യമാണല്ലോ. ബാബ പുതിയ കാര്യമൊന്നുമല്ല പഠിപ്പിക്കുന്നത്. നിങ്ങൾ എപ്പോൾ പക്കാ പക്കയായി ആത്മാവാണെന്ന് മനസ്സിലാക്കുന്നുവോ അപ്പോൾ ബാബയും പക്കയായി ഓർമ്മയിലുണ്ടാകും. ദേഹാഭിമാനമുണ്ടെങ്കിൽ ബാബയെ ഓർമ്മിക്കാൻ സാധിക്കില്ല. അരകല്പം നിങ്ങൾക്ക് ദേഹത്തിന്റെ അഹങ്കാരം ഉണ്ടാകും. ഇപ്പോൾ നിങ്ങളെ പഠിപ്പിക്കുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കു എന്നു പറഞ്ഞ് സത്യയുഗത്തിൽ ആരും പഠിപ്പിക്കില്ല. ശരീരത്തിന് പേര് വെയ്ക്കുകതന്നെ ചെയ്യും. ഇല്ലെങ്കിൽ പരസ്പരം എങ്ങനെ വിളിക്കും. ഇവിടെ നിങ്ങൾ ബാബയിൽ നിന്നും എന്ത് സമ്പത്ത് നേടിയോ അതാണ് അവിടെ ലഭിക്കുക. ബാക്കി വിളിക്കുന്നതെല്ലാം പേരുവെച്ചു തന്നെയാണ്. കൃഷ്ണൻ എന്നത് ശരീരത്തിന്റെ പേരല്ലേ. പേരില്ലാതെ കാര്യവ്യവഹാരങ്ങളൊന്നും നടക്കില്ല. അവിടെ സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കൂ എന്നൊന്നും പറയില്ല. അവിടെ ആത്മാഭിമാനിയായിത്തന്നെയാണ് ഇരിക്കുക. ഈ അഭ്യാസം ഇപ്പോഴാണ് നിങ്ങളെക്കൊണ്ട് ചെയ്യിക്കുന്നത് എന്തുകൊണ്ടെന്നാൽ പാപം വളരെ അധികം തലയിലുണ്ട്. പതുക്കെ പതുക്കെ പാപം കയറിക്കയറി ഇപ്പോൾ പൂർണ്ണമായും പാപാത്മാവായിത്തീർന്നിരിക്കുന്നു. അരകല്പത്തിലേയ്ക്ക് എന്തുചെയ്തോ അത് പതുക്കെ അവസാനിക്കുകയും ചെയ്യുമല്ലോ. പതുക്കെ പതുക്കെ കുറഞ്ഞ് വരുന്നു. സത്യയുഗത്തിൽ നിങ്ങൾ സതോപ്രധാനമാണ്, ത്രേതയിൽ നിങ്ങൾ സതോ ആയി മാറുന്നു. സമ്പത്ത് ഇപ്പോഴാണ് ലഭിക്കുന്നത്. സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുന്നതിലൂടെയാണ് സമ്പത്ത് ലഭിക്കുന്നത്. ദേഹീ അഭിമാനിയാകുന്നതിനുള്ള ഈ പഠിപ്പ് ബാബ ഇപ്പോഴാണ് തരുന്നത്. സത്യയുഗത്തിൽ ഈ പഠിപ്പ് ലഭിക്കില്ല. അവരവരുടെ പേരിൽ തന്നെയാണ് കാര്യങ്ങൾ ചെയ്യുന്നത്. ഇവിടെ നിങ്ങൾ ഓരോരുത്തർക്കും ഓർമ്മ

യുടെ ബലത്തിലൂടെ പാപാത്മാവിൽ നിന്നും പുണ്യാത്മാവായി മാറണം. സത്യയുഗത്തിൽ ഈ പഠിപ്പിന്റെ ആവശ്യം തന്നെയില്ല. നിങ്ങൾ ഈ പഠിപ്പ് അവിടേയ്ക്ക് കൊണ്ടുപോകുന്നുമില്ല. നിങ്ങൾ ഈ ജ്ഞാനമോ യോഗമോ അവിടേയ്ക്ക് കൊണ്ടുപോകുന്നില്ല. നിങ്ങൾക്ക് ഇപ്പോൾത്തന്നെ പതിതത്തിൽ നിന്നും പാവന മായി മാറണം. പിന്നീട് പതുക്കെ പതുക്കെ കലകൾ കുറഞ്ഞുവരും. എങ്ങനെയാണോ ചന്ദ്രന്റെ കല കുറഞ്ഞു കുറഞ്ഞു വരുന്നത് അതുപോലെയാണ്. അതിനാൽ ഇതിൽ ആശയക്കുഴപ്പത്തിൽ വരരുത്. ഒന്നും മനസ്സിലാകുന്നില്ലെങ്കിൽ ചോദിക്കൂ.

ആദ്യം ഇത് പക്കാ നിശ്ചയം ചെയ്യൂ അതായത് നമ്മൾ ആത്മാക്കളാണ്. നിങ്ങളുടെ ആത്മാവുതന്നെയാണ് ഇപ്പോൾ തമോപ്രധാനമായിരിക്കുന്നത്. ആദ്യം സതോപ്രധാനമായിരുന്നു പിന്നീട് ദിനംപ്രതിദിനം കല കൾ കുറഞ്ഞുവരുന്നു. ഞാൻ ആത്മാവാണ്- എന്നത് പക്കയല്ലാത്തതു കാരണമാണ് നിങ്ങൾ ബാബയെ മറക്കുന്നത്. ആദ്യമാദ്യമുള്ള പ്രധാനകാര്യം ഇതുതന്നെയാണ്. ആത്മാഭിമാനിയാകുന്നതിലൂടെ ബാബയെ ഓർമ്മവരും അതിലൂടെ സമ്പത്തും ഓർമ്മയിൽ വരും. സമ്പത്ത് ഓർമ്മ വന്നാൽ പവിത്രമായും ഇരിക്കും. ദൈവീക ഗുണങ്ങളും ഉണ്ടാകും. പ്രധാന ലക്ഷ്യം മുന്നിൽ ഉണ്ടല്ലോ. ഇത് ഈശ്വരീയ യൂണിവേഴ്സിറ്റി യാണ്. ഭഗവാൻ പഠിപ്പിക്കുകയാണ്. ദേഹീ അഭിമാനിയാക്കി മാറ്റാനും ഭഗവാനുമാത്രമേ കഴിയൂ ബാക്കി ആർക്കും ഇത് അറിയില്ല. ഒരു ബാബ തന്നെയാണ് പഠിപ്പിക്കുന്നത്. ഈ ദാദയും പുരുഷാർത്ഥം ചെയ്യുക യാണ്. ബാബയ്ക്ക് ദേഹീ അഭിമാനിയാകാൻ പുരുഷാർത്ഥം ചെയ്യേണ്ടി വരാൻ ബാബ ഒരിയ്ക്കലും ദേഹം എടുക്കുന്നില്ല. നിങ്ങളെ ദേഹീ അഭിമാനിയാക്കി മാറ്റുവാനായി ബാബ കേവലം ഈ സമയത്ത് മാത്രമാണ് വരുന്നത്. ആരുടെ തലയിലാണോ ഒരുപാട് കാര്യങ്ങളുള്ളത് അവർക്ക് എങ്ങനെ ഉറങ്ങാൻ കഴിയും..... എന്ന് ഒരു പഴമൊഴിയുണ്ട്. വളരെ അധികം ജോലികൾ ഉണ്ടെങ്കിൽ അവർക്ക് സമയം ലഭി ക്കില്ല പിന്നെ ആർക്കാണോ സമയമുള്ളത് അവരാണ് ബാബയുടെ മുന്നിൽ പുരുഷാർത്ഥം ചെയ്യാൻ വരു ന്നത്. ചിലർ പുതിയതായും വരും. ജ്ഞാനം വളരെ നല്ലതാണെന്ന് മനസ്സിലാക്കും. ഗീതയിലും ഈ വാക്കു കളുണ്ട്- അച്ഛനായ എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. അതിനാൽ ബാബ ഇത് മനസ്സിലാക്കിത്തരുകയാണ്. ബാബ ആരെയും ദോഷം പറയുന്നില്ല. ഇത് അറിയാവുന്നതാണ് നിങ്ങൾക്ക് പാവനത്തിൽ നിന്നും പതിതമായി മാറുകതന്നെ വേണം മാത്രമല്ല എനിക്ക് വന്ന് പതിതത്തിൽ നിന്നും പാവനമാക്കി മാറ്റുകയും വേണം. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്, ഇതിൽ ആരെയും നിന്ദിക്കുന്ന കാര്യമില്ല. നിങ്ങൾ കുട്ടികൾ ജ്ഞാനത്തെ നല്ലരീതിയിൽ മനസ്സിലാക്കി, ബാക്കി ആർക്കും ഈശ്വരനെ അറിയില്ല അതിനാൽ അനാഥരായ നാസ്തികർ എന്ന് വിളിക്കുന്നു. ഇപ്പോൾ ബാബ നിങ്ങൾ കുട്ടികളെ എത്ര വിവേകശാലിയാക്കി മാറ്റി. ടീച്ചറിന്റെ രൂപത്തിൽ പഠിപ്പ് നൽകുന്നു. എങ്ങനെയാണ് ഈ സൃഷ്ടിയുടെ ചക്രം കറങ്ങുന്നത്, ഈ പഠിപ്പ് ലഭിക്കുന്നതിലൂടെ നിങ്ങൾ നേരെയാവുന്നു. ശിവാലയമാ യിരുന്ന ഭാരതം ഇപ്പോൾ വേശ്യാലയമല്ലേ. ഇതിൽ ഗ്ലാനിയുടെ കാര്യമേയില്ല. ഇത് കളിയാണ്, ഇത് ബാബ മനസ്സിലാക്കിത്തരുകയാണ്. നിങ്ങൾ ദേവതയിൽ നിന്നും എങ്ങനെ അസുരനായി മാറി, എന്തുകൊണ്ടായി എന്നു ചോദിക്കുന്നില്ല. ബാബ വന്നിരിക്കുന്നത് തന്നെ കുട്ടികൾക്ക് തന്റെ പരിചയം നൽകാനാണ് ഒപ്പം സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നത് എന്ന ജ്ഞാനവും നൽകുന്നു. മനുഷ്യർക്കല്ലേ അറിയുക. ഇപ്പോൾ നിങ്ങൾ അറിഞ്ഞ് പിന്നീട് ദേവതയാകും. ഈ പഠിപ്പ് മനുഷ്യനിൽ നിന്നും ദേവതയാകുന്നതിനു ള്ളതാണ്, ഇത് ബാബയാണ് ഇരുന്ന് പഠിപ്പിക്കുന്നത്. ഇവിടെ എല്ലാവരും മനുഷ്യർ തന്നെയാണ്. ടീച്ച റായി പഠിപ്പിക്കാൻ ദേവതകൾക്ക് ഈ സൃഷ്ടിയിലേയ്ക്ക് വരാൻ സാധിക്കില്ല. പഠിപ്പിക്കുന്ന ബാബ എങ്ങ നെയാണ് പഠിപ്പിക്കുവാൻ വരുന്നത് എന്ന് നോക്കൂ. പരമപിതാ പരമാത്മാവ് രഥം സ്വീകരിക്കുന്നു എന്ന് പാട്ടുണ്ട് പക്ഷേ എങ്ങനെയുള്ള രഥമാണ് സ്വീകരിക്കുന്നത് എന്നത് പൂർണ്ണമായും എഴുതിയിട്ടില്ല. ത്രിമൂർത്തി കളുടെ രഹസ്യവും ആരും മനസ്സിലാക്കുന്നില്ല. പരമപിതാവ് അർത്ഥം പരമാത്മാവ്. ബാബ എങ്ങനെ യാണ് എന്ന തന്റെ പരിചയം നൽകുമല്ലോ. അഹങ്കാരത്തിന്റെ കാര്യമല്ല. മനസ്സിലാക്കാത്തതുകാരണം ഇവരിൽ അഹങ്കാരമുണ്ട് എന്നുപറയുന്നു. ഞാൻ പരമാത്മാവാണ് എന്ന് ഈ ബ്രഹ്മാവ് പറയുന്നില്ലല്ലോ. ഇത് മനസ്സിലാകുന്ന കാര്യമാണ്, ബാബയുടെ മഹാവാക്യം ഇതാണ്- സർവ്വാത്മാക്കളുടേയും പിതാവ് ഒരേയൊരാളാണ്. ഇവരെ ജേഷ്ഠൻ എന്നാണ് വിളിക്കുന്നത്. ഇവർ ഭാഗ്യശാലീ രഥമല്ലേ. പേര് ബ്രഹ്മാവ് എന്നു വെച്ചു കാരണം ബ്രാഹ്മണർ ആവശ്യമാണല്ലോ. ആദി ദേവൻ പ്രജാപിതാ ബ്രഹ്മാവാണ്. പ്രജക ളുടെ പിതാവാണ്, ഇപ്പോൾ പ്രജകൾ ആരാണ്? പ്രജാപിതാ ബ്രഹ്മാവ് ശരീരധാരിയാണ് അതിനാൽ ദത്തെ ടുത്തില്ലേ. കുട്ടികൾക്ക് ശിവബാബ മനസ്സിലാക്കിത്തരുകയാണ് ഞാനല്ല ദത്തെടുക്കുന്നത്. നിങ്ങൾ എല്ലാ ആത്മാക്കളും സദാ എന്റെ കുട്ടികൾ തന്നെയാണ്. ഞാൻ നിങ്ങളെ ആക്കിമാറ്റുന്നില്ല. ഞാൻ നിങ്ങൾ കുട്ടി കളുടെ അനാദിയായ പിതാവാണ്. ബാബ എത്ര നല്ലരീതിയിലാണ് മനസ്സിലാക്കിത്തരുന്നത് എന്നിട്ടും പറ യുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. നിങ്ങൾ മുഴുവൻ പഴയ ലോകത്തേയും സന്യാസം ചെയ്യു ന്നു. എല്ലാവരും ഈ ലോകത്തിൽ നിന്നും തിരിച്ചുപോകും എന്ന് ബുദ്ധി പറയുന്നുണ്ട്. സന്യാസം സ്വീക

രിച്ച് കാട്ടിലേയ്ക്ക് പോകണം എന്നല്ല. മുഴുവൻ ലോകത്തേയും സന്യസിച്ച് നമ്മൾ നമ്മുടെ വീട്ടിലേയ്ക്ക് പോകും അതിനാൽ ബാബയെ അല്ലാതെ മറ്റൊരു വസ്തുവും ഓർമ്മ വരരുത്. 60 വയസ്സ് കഴിഞ്ഞാൽ വാണിയ്ക്ക് ഉപരി വാനപ്രസ്ഥത്തിലേയ്ക്ക് പോകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. ഈ വാനപ്രസ്ഥ ത്തിന്റെ കാര്യം ഇപ്പോഴത്തേതാണ്. ഭക്തിമാർഗ്ഗത്തിൽ വാനപ്രസ്ഥം എന്നാൽ എന്താണെന്നത് ആർക്കും അറിയില്ല. വാനപ്രസ്ഥത്തിന്റെ അർത്ഥം പറഞ്ഞുതരാൻ സാധിക്കില്ല. വാണിയ്ക്ക് ഉപരി എന്ന് മൂലവതന ത്തേയാണ് പറയുന്നത്. അവിടെ എല്ലാ ആത്മാക്കളും വസിക്കുന്നു അതിനാൽ അത് എല്ലാവരുടേയും വാനപ്രസ്ഥ അവസ്ഥയാണ്, എല്ലാവർക്കും വീട്ടിലേയ്ക്ക് പോകണം.

ശാസ്ത്രങ്ങളിൽ കാണിക്കുന്നുണ്ട് ആത്മാവ് ഭൃകുടിയ്ക്കു നടുവിൽ തിളങ്ങുന്ന നക്ഷത്രമാണ്. ചിലർ കരുതുന്നു ആത്മാവ് പെരുവിരൽ പോലെയാണെന്ന്. പെരുവിരൽ പോലെത്തന്നെ ഓർമ്മിക്കുന്നു. നക്ഷ ത്രത്തെ എങ്ങനെ ഓർമ്മിക്കും? എങ്ങനെ പൂജിക്കും? അതിനാൽ ബാബ പറയുന്നു നിങ്ങൾ എപ്പോൾ ദേഹാഭിമാനത്തിലേയ്ക്ക് വരുന്നുവോ അപ്പോഴാണ് പൂജാരിയായി മാറുന്നത്. ഭക്തിയുടെ സമയം ആരം ഭിക്കുന്നു, അതിനെ ഭക്തിയുടെ കാലഘട്ടം എന്നു പറയുന്നു. ജ്ഞാനത്തിന്റെ കാലഘട്ടം വേറെയാണ്. ജ്ഞാനവും ഭക്തിയും ഒരുമിച്ച് ഉണ്ടാവുക സാധ്യമല്ല. രാത്രിയും പകലും ഒരുമിച്ച് ഉണ്ടാകില്ല. പകൽ എന്ന് സുഖത്തേയും രാത്രി എന്ന് ദുഃഖം അഥവാ ഭക്തിയേയുമാണ് പറയുന്നത്. പ്രജാപിതാ ബ്രഹ്മാ വിന്റെ രാത്രിയും പകലും എന്ന് പറയാറുണ്ട്. എങ്കിൽ തീർച്ചയായും പ്രജകളും ബ്രഹ്മാവും തീർച്ചയായും ഒരുമിച്ചായിരിക്കുമല്ലോ. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ ബ്രാഹ്മണർ തന്നെയാണ് അരകല്പം സുഖം അനുഭവിക്കുന്നത് പിന്നീട് അരകല്പം ദുഃഖവും. ഇത് ബുദ്ധികൊണ്ട് മനസ്സിലാക്കേണ്ട കാര്യമാണ്. ഇതും അറിയാം എല്ലാവർക്കും ബാബയെ ഓർമ്മിക്കാൻ സാധിക്കില്ല എന്നിട്ടും ബാബ സ്വയം മനസ്സിലാക്കിത്ത രുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കു എന്നിട്ട് എന്നെ ഓർമ്മിക്കു എങ്കിൽ പാവനമായി മാറും. ഈ സന്ദേശം എല്ലാവരിലേയ്ക്കും എത്തിക്കണം. സേവനം ചെയ്യണം. ആരാണോ സേവനമേ ചെയ്യാ ത്തത് അവർ പുഷ്പമല്ല. പൂന്തോട്ടത്തിന്റെ ഉടമസ്ഥൻ മുന്നിൽ വരുമ്പോൾ ആരാണോ സേവനയുക്തർ അനേകം പേരുടെ മംഗളം ചെയ്യുന്നത്, ആ പൂക്കളെയാണ് മുന്നിൽ കാണേണ്ടത്. ആർക്കാണോ ദേഹാഭി മാനമുള്ളത് അവർ സ്വയം മനസ്സിലാക്കും ഞങ്ങൾ പുഷ്പമല്ല എന്നത്. ബാബയുടെ മുന്നിലാണെങ്കിൽ നല്ല നല്ല പുഷ്പങ്ങൾ ഇരിക്കുന്നുണ്ട്. അതിനാൽ ബാബയുടെ ദൃഷ്ടിയും അവരിലേയ്ക്കാണ് പോവുക. ഡാൻസും നന്നായിരിക്കും.(ഡാൻസിംഗ് ഗേളിനെപ്പോലെ) സ്ക്കൂളിലും ടീച്ചർക്ക് അറിയാമല്ലോ– ആരാണ് നമ്പർ വൺ, ആരാണ് രണ്ടാമത്, മൂന്നാമത് ആരാണ് എന്നെല്ലാം. ബാബയുടെ ശ്രദ്ധ സേവനം ചെയ്യുന്ന വരുടെ നേർക്കാണ് പോവുക. ഹൃദയത്തിൽ കയറുന്നതും അവരാണ്. ഡിസ്സർവ്വീസ് ചെയ്യുന്നവർ ഹൃദ യത്തിൽ കയറുമോ. ബാബ ആദ്യമാദ്യം പ്രധാന കാര്യം മനസ്സിലാക്കിത്തരുന്നു സ്വയം ആത്മാവാണെന്ന് നിശ്ചയം ചെയ്യൂ അപ്പോൾ ബാബയുടെ ഓർമ്മ നിലനിൽക്കും. ദേഹാഭിമാനമുണ്ടെങ്കിൽ ബാബയുടെ ഓർമ്മ നിലനിൽക്കില്ല. ലൗകിക ബന്ധുമിത്രാദികളിലേയ്ക്കും, ജോലി കാര്യങ്ങളിലേയ്ക്കും ബുദ്ധി പോയി ക്കൊണ്ടിരിക്കും. ദേഹീ അഭിമാനിയായിരിക്കുന്നതിലൂടെ പാരലൗകിക പിതാവിന്റെ ഓർമ്മയുണ്ടാകും. ബാബയെ വളരെ സ്നേഹത്തോടെ ഓർമ്മിക്കണം. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുക– ഇതിൽ പരിശ്രമമുണ്ട്. ഏകാന്തത വേണം. 7 ദിവസത്തെ കോഴ്സിന്റെ ഭട്ടി വളരെ കടുത്തതാണ്. ആരുടേയും ഓർമ്മ വരരുത്. ആർക്കും കത്തെഴുതാനും സാധിക്കില്ല. ഈ ഭട്ടി നിങ്ങളാണ് ആരംഭിച്ചത്. ഇവിടെ എല്ലാ വരേയും താമസിപ്പിക്കാൻ സാധിക്കില്ല അതിനാൽ പറയുന്നു വീട്ടിൽ ചെന്ന് അഭ്യസിക്കൂ. ഭക്തി ചെയ്യു ന്നവരും ഭക്തി ചെയ്യാനായി പ്രത്യേകം മുറി ഒരുക്കുന്നു. കുടിലിനുള്ളിൽ ഇരുന്ന് മാല കറക്കുന്നു, അതി നാൽ ഈ ഓർമ്മയുടെ യാത്രയിലും ഏകാന്തത വേണം. ഒരു ബാബയെ മാത്രം ഓർമ്മിക്കണം. ഇതിൽ നാക്ക് ചലിപ്പിക്കേണ്ട ഒരു കാര്യവുമില്ല. ഈ ഓർമ്മയുടെ അഭ്യാസത്തിന് സമയം വേണം.

നിങ്ങൾക്ക് അറിയാം ലൗകിക പിതാവ് പരിധിയുള്ള രചയിതാവാണ് എന്നാൽ ഇത് പരിധിയില്ലാത്ത രച യിതാവാണ്. പ്രജാപിതാ ബ്രഹ്മാവ് പരിധിയില്ലാത്തതല്ലേ. കുട്ടികളെ ദത്തെടുക്കുന്നു. ശിവബാബ ദത്തെടു ക്കുന്നില്ല. സദാ ബാബയുടെ കുട്ടികൾ തന്നെയാണ്. നിങ്ങൾ പറയും ഞങ്ങൾ ആത്മാക്കൾ അനാദിയായി ശിവബാബയുടെ കുട്ടികളാണ്. ബ്രഹ്മാവ് നിങ്ങളെ ദത്തെടുത്തിരിക്കുകയാണ്. ഓരോ കാര്യവും നല്ലരീതി യിൽ മനസ്സിലാക്കാനുള്ളതാണ്. ബാബ ദിവസവും കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു, എന്നിട്ടും പറ യുന്നു ബാബാ ഓർമ്മ നിൽക്കുന്നില്ല. ബാബ പറയുന്നു ഇതിനായി കുറച്ചു സമയം നീക്കിവെയ്ക്കണം. തീർത്തും സമയം നൽകാൻ കഴിയാത്തവരായും ചിലരുണ്ട്. ബുദ്ധിയിൽ ഒരുപാട് ജോലികളുണ്ടാകും. പിന്നെ ഓർമ്മയുടെ യാത്ര എങ്ങനെ സാധ്യമാകും. ബാബ മനസ്സിലാക്കിത്തരുന്നു പ്രധാന കാര്യംതന്നെ ഇതാണ്– സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനായ എന്നെ ഓർമ്മിക്കു എങ്കിൽ പാവനമായി മാറും. ഞാൻ ആത്മാവാണ്, ശിവബാബയുടെ കുട്ടിയാണ്– ഇത് മന്മനാഭവയായില്ലേ. ഇതിൽ പരിശ്രമം

ആവശ്യമാണ്. ആശീർവാദത്തിന്റെ കാര്യമില്ല. ഇത് പഠിപ്പാണ് ഇതിൽ കൃപയോ ആശീർവാദമോ കൊണ്ട് കാര്യം നടക്കില്ല. എന്താ ഞാൻ എപ്പോഴെങ്കിലും നിങ്ങളുടെ തലയിൽ കൈ വെയ്ക്കുന്നുണ്ടോ! നിങ്ങൾക്ക് അറിയാം പരിധിയില്ലാത്ത ബാബയിൽ നിന്നും നമ്മൾ സമ്പത്ത് എടുക്കുകയാണ്. അമരനായി ഭവിയ്ക്കട്ടെ, ദീർഘായുസ്സുള്ളവരായി ഭവിയ്ക്കട്ടെ........... ഇതിൽ എല്ലാം വന്നു. നിങ്ങൾ പൂർണ്ണ ആയുസ്സ് നേടുന്നു. ഈ സമ്പത്ത് ഏതെങ്കിലും സാധു സന്യാസിമാർക്ക് നൽകാൻ സാധിക്കില്ല. അവർ പറയുന്നു പുത്രവാൻ ഭവ...... അപ്പോൾ ആളുകൾ കരുതുന്നു അവരുടെ കൃപകൊണ്ടാണ് കുട്ടിയുണ്ടായത് എന്ന്. അതുമതി ആർക്കാണോ കുട്ടി ഇല്ലാത്തത് അവർ ചെന്ന് അവരുടെ ശിഷ്യനായി മാറും. ജ്ഞാനം ഒരു തവണ മാത്രമാണ് ലഭിക്കുന്നത്. ഇത് അവ്യഭിചാരിയായ ജ്ഞാനമാണ്, ഇതിന്റെ പ്രാലബ്ധം അരകല്പത്തിലേയ്ക്ക് നിലനിൽക്കും. പിന്നീടാണ് അജ്ഞാനം. ഭക്തിയെ അജ്ഞാനം എന്നാണ് പറയുന്നത്. ഓരോ കാര്യങ്ങളും എത്ര നല്ലരീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1) ഇപ്പോൾ വാനപ്രസ്ഥ അവസ്ഥയാണ് അതിനാൽ ബുദ്ധികൊണ്ട് എല്ലാം സന്യാസം ചെയ്ത് ഒരേയൊരു ബാബയുടെ ഓർമ്മയിൽ ഇരിക്കണം. ഞാൻ ആത്മാവാണ്........ ആത്മാവാണ് എന്ന് ഏകാന്തമായിരുന്ന് അഭ്യാസം ചെയ്യണം.

2) സേവനയുക്തരായ പുഷ്പമായി മാറണം. ദേഹാഭിമാനത്തിന് വശപ്പെട്ട് ഡിസ്സർവ്വീസ് ആകുന്ന തരത്തിലുള്ള ഒരു കാര്യവും ചെയ്യരുത്. വളരെ അധികം പേരുടെ മംഗളത്തിന് നിമിത്തമായി മാറണം. ഓർമ്മിക്കുന്നതിനായി കുറച്ച് സമയം തീർച്ചയായും മാറ്റിവെയ്ക്കണം.

## വരദാനം:- പരമാത്മാ ജ്ഞാനത്തിന്റെ നവീനതയാകുന്ന "പവിത്രത"യെ ധാരണ ചെയ്ത് സർവ്വ അടുപ്പങ്ങളിൽ നിന്നും മുക്തരായി ഭവിക്കട്ടെ.

ഈ പരമാത്മാ ജ്ഞാനത്തിന്റെ നവീനത തന്നെ പവിത്രതയാണ്. ഉറപ്പോടെ പറയുന്നു അതായത് തീയും പഞ്ഞിയും ഒരുമിച്ചിരുന്നിട്ടും തീപ്പിടിക്കുകയില്ല. ലോകത്തോട് നിങ്ങളെല്ലാവരുടെയും വെല്ലുവിളിയാണ് അതായത് പവിത്രതയില്ലാതെ യോഗിയും ജ്ഞാനീ തൂ ആത്മാവുമാകാൻ സാധിക്കില്ല. അപ്പോൾ പവിത്രത അർത്ഥം സമ്പൂർണ്ണ മമത്വ മുക്തം. ഏതൊരു വ്യക്തിയോടോ വസ്തുവിനോടോ പോലും ചായ്വ് ഉണ്ടാകരുത്. അങ്ങനെയുള്ള പവിത്രതയിലൂടെത്തന്നെയാണ് പ്രകൃതിയെ പാവനമാക്കി മാറ്റാനുള്ള സേവനം ചെയ്യാൻ സാധിക്കുക.

## സ്ലോഗൻ:- പവിത്രത താങ്കളുടെ ജീവിതത്തിന്റെ മുഖ്യ ഫൗണ്ടേഷനാണ്, ഭൂമി പിളർന്നാലും ധർമ്മം കൈവെടിയരുത്.